**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - പോലീസ് എയ്ഡ്പോസ്റ്റിന്റെ വൈദ്യുതിചാർജ് ഗ്രാമപഞ്ചായത്ത് അടക്കണമെന്ന തീരുമാനം സ്റ്റേ ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 376/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09/02/2017

---

പരാമർശം:-
1. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 14/11/2016 ലെ 7 നവംബർ 14/2016 നമ്പർ തീരുമാനം.
2. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30/11/2016 ലെ 11 നവംബർ 14/2016 നമ്പർ തീരുമാനം.
3. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/12/2016 ലെ എ 1/6080/2016 നമ്പർ കത്ത്.

**ഉത്തരവ്**

ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആയഞ്ചേരി ടൗണിൽ പ്രവർത്തിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റിലേക്കുള്ള വൈദ്യുതിചാർജ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും അടക്കുന്നതിന് പരാമർശം 1 പ്രകാരം തീരുമാനമെടുത്തു. ടി തീരുമാനം നിയമപ്രകാരമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീരുമാനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തടസ്സവാദം മറികടന്ന് വൈദ്യുതി ചാർജ് കുടിശ്ശിക ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അടക്കണമെന്ന് പരാമർശം രണ്ട് പ്രകാരം പഞ്ചായത്ത് ഭരണസമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിൽ സർക്കാരിന്റെ നിർദ്ദേശം തേടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് എയ്ഡ് പോസ്റ്റ് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനം അല്ലാത്തതിനാലും സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം ആയതിനാലും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം നിയമപ്രകാരമല്ല എന്ന് വിലയിരുത്തി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം 1, 2 പ്രകാരമുള്ള തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ഡോ.വി. കെ. ബേബി. ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ് / സെക്രട്ടറി, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

Liya

സെക്ഷൻ ഓഫീസർ